# മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

**<u>സംഗ്രഹം</u>**

Bharathiar University യുടെ School of Distance Education - Centre for Participatory Programmes മുഖേന നേടിയ Bachelor of Computer Applications ബിരുദം മഹാത്മാഗാന്ധിസർവ്വകലാശാലയിൽ MCA (3Year) & MCA (Lateral Entry) പ്രോഗ്രാമുകൾക്ക് പ്രവേശനയോഗ്യമായി അംഗീകരിച്ച - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് ഡി സെക്ഷൻ**

നമ്പർ. 1547/AC D/2020/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 13.03.2020

---

*പരാമർശം:*-1) കോഴ്സ് അംഗീകാരത്തിനായി Ms. Ashiqa Fyrus K., Ms. Parvathy Suresh എന്നിവർ 04.02.2020, 13.02.2020 എന്നീ തീയതികളിൽ നൽകിയ അപേക്ഷ.

2) മഹാത്മാഗാന്ധി സർവ്വകലാശാല ഉത്തരവ് നം. 5922/എസി.ഡി./3/2243/12 തീയതി 05.10.2017.

3) മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി റെഗുലേഷൻസ് ഫോർ റെക്കഗ്നിഷൻ/ഇക്വലൻസി 2016.

4) ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ (കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് -യു.ജി), അഭിപ്രായം രേഖപ്പെടുത്തി 22.02.2020ൽ നൽകിയ ഇ- മെയിൽ

5) ഡീൻ, ഫാക്കൽറ്റി ഓഫ് ടെക്നോളജി & അപ്ലൈഡ് സയൻസസ് അഭിപ്രായം രേഖപ്പെടുത്തി 27.02.2020ൽ നൽകിയ ഇ-മെയിൽ

**<u>ഉത്തരവ്</u>**

1) Bharathiar University യുടെ School of Distance Education - Centre for Participatory Programmes മുഖേന നേടിയ Bachelor of Computer Applications ബിരുദം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ Bachelor of Computer Applications ബിരുദത്തിനു തുല്യമായി അംഗീകരിക്കുന്നതിനായി പരാമർശം (1) പ്രകാരം ലഭിച്ച അപേക്ഷ പരാമർശം (2) ലും (3)ലും നിഷ്കര്ഷിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ച് പരിശോധിക്കുകയുണ്ടായി.

2) ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ (കമ്പ്യൂട്ടർ ആപ്ലിക്കേഷൻസ് -യു.ജി.), ഡീൻ, ഫാക്കൽറ്റി ഓഫ് ടെക്നോളജി & അപ്ലൈഡ് സയൻസസ് എന്നിവരുടെ വിദഗ്ധാഭിപ്രായം ഈ വിഷയത്തിൽ തേടുകയുണ്ടായി. രണ്ട് സർവ്വകലാശാലകളുടെയും പ്രസ്തുത പ്രോഗ്രാമുകളുടെ ഉള്ളടക്കങ്ങൾ തമ്മിൽ 75 % സാമ്യമുണ്ടെന്ന് ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ നിരീക്ഷിച്ചു. എന്നാൽ ഭാരതിയാർ യൂണിവേഴ്സിറ്റിയുടെ മേൽപ്പറഞ്ഞ പ്രോഗ്രാമിന്റെ പ്രവേശനമാനദണ്ഡം മഹാത്മാഗാന്ധി സർവ്വകലാശാലയുടേതിൽ നിന്ന് വ്യത്യസ്തമാണെന്ന് അദ്ദേഹം നിരീക്ഷിക്കുകയുണ്ടായി. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ BCA പ്രവേശനത്തിന് സയൻസ് വിഷയത്തിൽ (Mathematics/Computer Science ഉൾപ്പെട്ടിട്ടുള്ള) ഹയർ സെക്കണ്ടറി ആണ് നിഷ്കര്ഷിച്ചിരിക്കുന്നത്. എന്നാൽ ഭാരതിയാർ യൂണിവേഴ്സിറ്റിയുടെ പ്രവേശനമാനദണ്ഡത്തിൽ ഹയർ

Draft #4 of File AcD/01/49087/CR/2020 Approved by ASSISTANT REGISTRAR III (ACADEMIC) on 13-Mar-2020 03:02 PM - Page 1
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

സെക്കണ്ടറി എന്ന മാത്രമേ നിഷ്കര് ഷിച്ചിട്ടുള്ളൂ, വിഷയം നിഷ്കർഷിച്ചിട്ടില്ല. അതിനാൽ Mathematics/Computer Science ഉൾപ്പെട്ടിട്ടുള്ള ഹയർ സെക്കണ്ടറി പാസായതിനു ശേഷം Bharathiar University യുടെ (Distance Education) Bachelor of Computer Applications ബിരുദം നേടിയ വിദ്യാർത്ഥികൾക്ക് തുല്യതസർട്ടിഫിക്കറ്റ് നല്കാവുന്നതാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. (പരാമർശം 4).

3) പ്രവേശനമാനദണ്ഡം വ്യത്യസ്തമായതിനാൽ Bharathiar University യുടെ School of Distance Education - Centre for Participatory Programmes മുഖേന നേടിയ Bachelor of Computer Applications ബിരുദം മഹാത്മാഗാന്ധി സർവ്വകലാശാലയുടെ Bachelor of Computer Applications ബിരുദത്തിനു തുല്യമായി അംഗീകരിക്കാനാവില്ലെന്ന് ഡീൻ അഭിപ്രായപ്പെട്ടു. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ MCA (3 years), MCA(Lateral Entry) പ്രവേശനത്തിന് Bharathiar University യുടെ School of Distance Education - Centre for Participatory Programmes മുഖേന നേടിയ Bachelor of Computer Applications ബിരുദം യോഗ്യതയായി പരിഗണിക്കാവുന്നതാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ട്. (പരാമർശം 5).

4) മേൽപ്പറഞ്ഞ ശിപാർശകൾ പരിഗണിച്ച് Bharathiar University യുടെ School of Distance Education - Centre for Participatory Programmes മുഖേന നേടിയ Bachelor of Computer Applications ബിരുദം മഹാത്മാഗാന്ധിസർവ്വകലാശാലയിൽ MCA (3Year) & MCA (Lateral Entry) പ്രോഗ്രാമുകൾക്ക് പ്രവേശനയോഗ്യമായി അംഗീകരിക്കുവാൻ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985 അധ്യായം 3 ഛേദം 10(17)പ്രകാരം വൈസ് ചാൻസലർ ഉത്തരവിട്ടു.

5) തദനുസരണം സർവ്വകലാശാലാ ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോണി കെ എബ്രഹാം

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1.കുമാരി ആഷിഖ ഫൈറൂസ് കെ., കുമാരി പാർവതി സുരേഷ്
2.പ്രൈവറ്റ് സെക്രട്ടറി (വി.സി./പി.വി.സി.)
3.രജിസ്ട്രാർ /പരീക്ഷ കൺട്രോളർ എന്നിവരുടെ പി.എ
4.ജെ.ആർ. 2 (ഭ.വി)
5.എ.ആർ. /ഡി.ആർ. (അക്കാഡമിക് വിഭാഗം )
6.എ.സി.സി. സെക്ഷൻ
7.കണ്ടൻറ് മാനേജ്മെന്റ് സെക്ഷൻ
8.ഐ.ക്യു.എ.സി.
9.കരുതൽ ഫയൽ/ഫയൽ പകർപ്പ്

Draft #4 of File AcD/01/49087/CR/2020 Approved by ASSISTANT REGISTRAR III (ACADEMIC) on 13-Mar-2020 03:02 PM - Page 2
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം